
മുദ്രകൾ

# പുനർവിചിന്തനങ്ങൾക്ക് വേദിയൊരുക്കി *ദഅ്‌വത്ത്* വിശേഷാൽ പതിപ്പ്




**ലോക** ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ പുനർവിചിന്തനങ്ങളും പുനരവലോകനങ്ങളും വ്യാപകമായി നടന്നുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. മുൻകാലങ്ങളിൽ സ്വീകരിച്ച ചില നിലപാടുകൾ ശരിയായില്ലെന്ന തോന്നൽ ഇന്ന് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കുണ്ട്. അതിനേക്കാൾ ശക്തമാണ് നിലവിലെ പ്രസ്ഥാനഘടനയും പ്രവർത്തനരീതികളും പുതിയ വെല്ലുവിളികൾ അഭിമുഖീകരിക്കാനോ ഇളംതലമുറയെ ആകർഷിക്കാനോ പര്യാപ്തമല്ല എന്ന തോന്നൽ. മുൻഗണനാക്രമങ്ങളിൽ സമൂലമായ അഴിച്ചുപണി വേണമെന്ന അഭിപ്രായവും ശക്തമാണ്. മുൻകാലങ്ങളിൽ പ്രസ്ഥാനവിരുദ്ധം എന്ന് സംശയിക്കപ്പെടുമായിരുന്ന ഇത്തരം ചിന്തകളുടെ പ്രകാശനത്തിന് പ്രസ്ഥാന ജിഹ്വകൾ തന്നെ വഴിയൊരുക്കുന്നു എന്നതാണ് ഇതിന്റെ ഏറെ ക്രിയാത്മകമായ വശം.

ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ഔദ്യോഗിക ജിഹ്വയെന്ന് വിശേഷിപ്പിക്കാവുന്ന *ദഅ്‌വത്ത്* ത്രൈദിനം പുറത്തിറക്കിയ 'ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ 60 വർഷം: മുതിർന്ന നേതാക്കളുടെ നോട്ടപ്പാടിൽ' എന്ന വിശേഷാൽ പതിപ്പ് ഇത്തരം പുനർവിചിന്തനങ്ങൾക്ക് വേദിയൊരുക്കുന്നതായാണ് അനുഭവപ്പെട്ടത്. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ മുതിർന്ന നേതാക്കളുമായുള്ള അഭിമുഖങ്ങളാണ് ഈ പതിപ്പിന്റെ സവിശേഷത. 91 വയസ്സ് പിന്നിട്ട മൗലാനാ ശഫീ മൂനിസുമായുള്ള അഭിമുഖമാണ് ആദ്യത്തേത്. അവിഭക്ത ജമാഅത്തിൽ സജീവമായിരുന്ന രണ്ടേ രണ്ട് നേതാക്കളാണ് ഇന്ന് ജീവിച്ചിരിക്കുന്നത്- പാകിസ്താനിൽ മിയാൻ തുഫൈൽ മുഹമ്മദും ഇന്ത്യയിൽ ശഫീ മൂനിസും. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ സാരഥ്യം വഹിച്ച എല്ലാ നേതാക്കളെയും അടുത്തറിയാനും അദ്ദേഹത്തിന് അവസരമുണ്ടായിട്ടുണ്ട്.


ഇസ്‌ലാമിക പ്രസ്ഥാനത്തെ നിശിതമായിതന്നെ നിരൂപണ വിധേയമാക്കുന്നുണ്ട് ലോകപ്രശസ്ത ഇസ്‌ലാമിക ധനശാസ്ത്രജ്ഞനായ (ദീർഘകാലം ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ കൂടിയാലോചനാ സമിതിയിൽ അംഗമായിരുന്നു അദ്ദേഹം) ഡോ. നജാത്തുല്ലാ സിദ്ദീഖി. "ഇസ്‌ലാം ഇന്നുള്ള രൂപത്തിൽ ആവിർഭവിച്ചിട്ട് പതിനാല് നൂറ്റാണ്ട് കഴിഞ്ഞു. ഇസ്‌ലാമിനു വേണ്ടി വിവിധ കാലങ്ങളിൽ നിരവധി പ്രസ്ഥാനങ്ങൾ ഉദയം ചെയ്തിട്ടുണ്ട്. അവയൊക്കെയും അസ്തമിച്ചുപോയി. ഇസ്‌ലാം ഇപ്പോഴും നിലനിൽക്കുന്നു. ഒരു പ്രസ്ഥാനം എക്കാലത്തും നിലനിൽക്കുമെന്ന് കരുതുന്നത് മൗഢ്യമായിരിക്കും... കാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ പ്രസ്ഥാനം പ്രാപ്തമാണോ എന്നാണ് നാം നോക്കേണ്ടത്. പ്രാപ്തിയില്ലെങ്കിൽ പകരം മറ്റു പ്രസ്ഥാനങ്ങൾ ഉദയം ചെയ്യും. ജനം അവരുടെ പിറകെ പോവുകയും ചെയ്യും. 60 വർഷം മുമ്പത്തെ അവസ്ഥയേ അല്ല ഇന്നുള്ളത്. പുതിയ വെല്ലുവിളികളെ കാണാൻ നിങ്ങൾ കൂട്ടാക്കുന്നില്ലെങ്കിൽ സമൂഹത്തിൽ ഒരു സ്വാധീനവും ചെലുത്താൻ നിങ്ങൾക്ക് ആവുകയില്ല.... ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുൻഗണനാക്രമങ്ങളിലും മാറ്റം വരേണ്ടിയിരിക്കുന്നു. മുഴുവൻ മനുഷ്യർക്കും തൊഴിൽ, ഭക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം തുടങ്ങിയവയൊക്കെ അതിന്റെ മുൻഗണനകളിൽ ആദ്യ സ്ഥാനങ്ങൾ നേടേണ്ടിയിരിക്കുന്നു."

സയ്യിദ് ജലാലുദ്ദീൻ അൻസ്വർ ഉമരി, മൗലാനാ സിറാജുൽ ഹസൻ, ഡോ. അബ്ദുൽ ഹഖ് അൻസാരി, മൗലാനാ അബ്ദുൽ അസീസ് (ആന്ധ്ര), ഡോ. ഫസ്‌ലുർറഹ്മാൻ ഫരീദി, മൗലാനാ ഇർതിളാഉദ്ദീൻ, മുഹമ്മദ് ജഅ്ഫർ, പ്രഫ. കെ.എ സിദ്ദീഖ് ഹസൻ, ഡോ. മുഹമ്മദ് റഫ്അത്ത് എന്നിവരുമായാണ് മറ്റു അഭിമുഖങ്ങൾ. ജമാഅത്തെ ഇസ്‌ലാമി സെക്രട്ടറി ജനറൽ നുസ്‌റത്ത് അലിയുടെ ലേഖനം പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ സമഗ്രമായി പരിചയപ്പെടുത്തുന്നു. മുതിർന്ന ഉർദു പത്രപ്രവർത്തകൻ എ.യു ആസിഫിന്റെ എഡിറ്റോറിയൽ പങ്കാളിത്തം വായനാക്ഷമതയുള്ള പതിപ്പാക്കി ഇതിനെ മാറ്റിയിരിക്കുന്നു. വില 50 രൂപ. ■

മുദ്രകൾ

# കാരുണ്യത്തിന്റെ സമകാലിക വിവക്ഷകൾ

**സമകാലിക** പ്രവാചക ചരിത്ര കൃതികളിൽ ഏറെ നിരൂപക പ്രശംസ പിടിച്ചുപറ്റിയ ഒന്നാണ് കഴിഞ്ഞ ഫെബ്രുവരിയിൽ പുറത്തിറങ്ങിയ Mercy-Prophet Muhammad's Legacy To All Creation(കാരുണ്യം- സൃഷ്ടികൾക്ക് പ്രവാചകൻ മുഹമ്മദിന്റെ കരുതിവെപ്പ്) എന്ന ഇംഗ്ലീഷ് കൃതി. ഇബ്റാഹിം ഹുസൈൻ മലബാരി എന്ന് പുറംനാടുകളിൽ അറിയപ്പെടുന്ന പ്രമുഖ ഇസ്‌ലാമിക പ്രബോധകനും മലയാളിയുമായ ടി.കെ ഇബ്റാഹിം ആണ് ഗ്രന്ഥകാരൻ. ടൊറന്റോ ഇസ്‌ലാമിക് സെന്ററിന്റെ ഡയറക്ടറാണ് ഇപ്പോൾ അദ്ദേഹം. 'അവതരണത്തിൽ ലാളിത്യവും പുതുമയുമുള്ള മികച്ച കൃതി' എന്നാണ് ഡോ. യൂസുഫുൽ ഖറദാവിയുടെ പ്രശംസ. ജോർജ് ടൗൺ യൂനിവേഴ്സിറ്റി ക്രിസ്ത്യൻ-മുസ്‌ലിം മതതാരതമ്യ പഠനവിഭാഗം തലവൻ ജോൺ എസ്പോസിറ്റോ പുസ്തകത്തിന്റെ അവതാരികയിൽ എഴുതുന്നു: "മുസ്‌ലിം പാരമ്പര്യ കൃതികളെ അവലംബമാക്കി പ്രവാചകനെ കാരുണ്യത്തിന്റെ പ്രവാചകനായി അവതരിപ്പിക്കുകയാണ് ഗ്രന്ഥകാരൻ." ടൊറന്റോവിലെ Compass Books ആണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്.




ലോകമൊട്ടുക്കും പ്രവാചകനെക്കുറിച്ച് ഭീതിജനിപ്പിക്കുക (Prophet phobia)യാണെന്ന് ഗ്രന്ഥകാരൻ ആമുഖത്തിൽ എഴുതുന്നു. പ്രവാചക നിന്ദയും അരങ്ങ് തകർക്കുന്നു. ഇതിനോട് എങ്ങനെ പ്രതികരിക്കണം? നിന്ദ നടത്തുന്നവനെ കൊന്നുകൊണ്ടോ, കൊല്ലുമെന്ന് ഭീഷണിപ്പെടുത്തിക്കൊണ്ടോ? ഇത്തരം പ്രതികരണങ്ങളൊന്നും പ്രവാചകന്റെ വ്യക്തിവൈശിഷ്ട്യത്തോട് നീതി ചെയ്യുകയില്ലെന്ന് അദ്ദേഹം സമർഥിക്കുന്നു. "ശത്രുക്കളോട് പോലും അലിവു കാണിക്കുന്ന ആ മഹാകാരുണ്യ പ്രവാഹത്തെ ഉയർത്തിക്കാട്ടിക്കൊണ്ടാവണം നാം പ്രവാചകന് വേണ്ടി പ്രതിരോധം തീർക്കേണ്ടത്."

പ്രകൃതിയെ നിർദാക്ഷിണ്യം ചൂഷണംചെയ്യുന്ന തലതിരിഞ്ഞ പാശ്ചാത്യ വികസന സങ്കൽപങ്ങൾക്കെതിരെ മനുഷ്യത്വത്തിന്റെ പക്ഷത്ത് നിന്നുകൊണ്ടുള്ള ഒരു ഇടപെടലായി പുസ്തകത്തെ കാണാമെന്നാണ് പ്രഫ. ഖുർഷിദ് അഹമദിന്റെ അഭിപ്രായം. മനുഷ്യ നാഗരികത തന്നെ ഉന്മൂലന ഭീഷണി നേരിടുന്ന പശ്ചാത്തലത്തിൽനിന്നുകൊണ്ടാണ് ഗ്രന്ഥരചനയെന്നതും പ്രാധാന്യമർഹിക്കുന്നു.

മലേഷ്യൻ പ്രതിപക്ഷ നേതാവ് അൻവർ ഇബ്റാഹിം, പ്രശസ്ത ഇസ്‌ലാമിക ചിന്തകൻ റാശിദുൽ ഗനൂഷി എന്നിവരും പുസ്തകത്തിന്റെ സമകാലിക പ്രസക്തി എടുത്ത് കാണിച്ചിട്ടുണ്ട്. ■

# വലിയ ഹോളോകാസ്റ്റ് നടന്നപ്പോൾ താങ്കൾ എവിടെയായിരുന്നു?


ബെനഡിക്റ്റ് പതിനാറാമൻ

**പോപ്പ്** ബെനഡിക്റ്റ് പതിനാറാമനോട് ഗസ്സയിലെ ക്രിസ്ത്യൻ സമൂഹത്തിന്റെ ചോദ്യമാണിത്. അടുത്ത മാസം ആദ്യവാരത്തിൽ പോപ്പ് അധിനിവിഷ്ട ഫലസ്തീനിലും ജോർദാനിലും ഇസ്രയേലിലുമുള്ള പുണ്യ സ്ഥലങ്ങൾ സന്ദർശിക്കുന്നുണ്ട്. ജർമനിയിലെ ജൂത ഹോളോകാസ്റ്റിന്റെ ഓർമ പുതുക്കുന്ന നിരവധി ചടങ്ങുകളിലും അദ്ദേഹം പങ്കുകൊള്ളും. ജൂതന്മാർക്കെതിരെ നടന്ന ഹോളോകാസ്റ്റ് അനുസ്മരിക്കാനെത്തുന്ന പോപ്പ്, കഴിഞ്ഞ വർഷം ഒടുവിൽ ഗസ്സയിൽ ഫലസ്തീനികൾക്കെതിരെ ജൂതന്മാർ നടത്തിയ വലിയ ഹോളോകാസ്റ്റ് കാണാതെ പോയതെന്തേ എന്നാണ് ഗസ്സയിലെ ക്രിസ്ത്യാനികൾ ചോദിക്കുന്നത്. "ഞങ്ങൾ നിരാശരാണ്. ഈ സന്ദർശന വേളയിൽ പോപ്പ് ഗസ്സയിൽ വരികയോ ഇസ്രയേലിന്റെ സംഹാരതാണ്ഡവം നേരിൽ കാണുകയോ ചെയ്യില്ല"- ഗസ്സയിലെ ഒരു ക്രിസ്ത്യൻ സ്കൂളിൽ അധ്യാപികയായ ഹാല സ്വലീബ *ഇസ്‌ലാം ഓൺലൈനി*നോട് പറഞ്ഞു.

"നാം നേരിൽ കണ്ടിട്ടില്ലാത്ത നാസി ഹോളോകാസ്റ്റിന്റെ ഇരകൾക്ക് വേണ്ടി കണ്ണീരൊലിപ്പിക്കുകയും സങ്കടപ്പെടുകയും ചെയ്യുക, കൺമുന്നിൽ നടക്കുന്ന ഇതിലും വലിയ ഹോളോകാസ്റ്റിന്റെ ഭീകരത കാണാതിരിക്കുകയോ അതിന്റെ നിലവിളികൾ കേൾക്കാതിരിക്കുകയോ ചെയ്യുക. ഇതിനെങ്ങനെ സാധിക്കുന്നു എന്ന് മനസ്സിലാവുന്നില്ല"- നാസി ഹോളോകാസ്റ്റ് സ്മാരകങ്ങൾ മാത്രം സന്ദർശിക്കാനെത്തുന്ന പോപ്പിനെക്കുറിച്ച് ഗസ്സയിലെ ക്രിസ്ത്യൻ പുരോഹിതനായ ഹുസാം ത്വവീലിന്റെ വാക്കുകൾ. ഗസ്സ ഉപരോധം പിൻവലിക്കാൻ തന്റെ സന്ദർശനവേളയിൽ പോപ്പ് ആവശ്യപ്പെടണമെന്നും ഹുസാം നിർദേശിച്ചു.

ഇസ്രയേൽ ഉപരോധം ശക്തമാക്കിയതോടെ ഫലസ്തീനിലെ പുണ്യ സ്ഥലങ്ങളൊന്നും സന്ദർശിക്കാൻ ഗസ്സയിലെ ക്രിസ്ത്യാനികൾക്ക് സാധിക്കുന്നില്ല. ഗസ്സയിലെ 1.6 മില്യൻ ജനങ്ങളിൽ 4000 മാത്രമാണ് ക്രിസ്ത്യൻ ജനസംഖ്യ. ■